3. കമ്പോളത്തിൽ ഭക്ഷ്യധാന്യങ്ങളും ധാരാളമായി ഇറക്കുമതിചെയ്യുന്നതിനും ബാങ്കുകളുമുഖേന വ്യാപാരികൾക്കും വായ്പാസൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

4. അരിയുടെ മൊത്തവിലയും ചില്ലറവിലയും വ്യാപാരികൾ അവരുടെ കച്ചവടസ്ഥലത്തു് പ്രദർശിപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

5. അരി കേരളത്തിലേക്കു് വേണ്ടതു കയറ്റുമതിചെയ്യുന്നതിനും ആവശ്യമായ റെയിൽവേ വാഗണുകളും ലഭിക്കുന്നതിനുവേണ്ടി അപ്പോഴപ്പോൾ റെയിൽവേ അധികൃതരുമായി സമ്പർക്കം പുലർത്തുന്നതിനും ഒരു സ്പെഷ്യൽ ആഫീസറെ വിജയവാഡയിൽ നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ ആവശ്യമെന്നുതോന്നുന്ന അവസരങ്ങളിൽ ഗവണ്മെൻറു് നേരിട്ടു റെയിൽവേ അധികൃതരുമായി സമ്പർക്കം പുലർത്തി വാഗൺസൌകര്യങ്ങളും ഏർപ്പെടുത്തുന്നുണ്ട്.

6. പത്തു കിൻറലോ അതിലധികമോ ഭക്ഷ്യധാന്യങ്ങൾ സ്റ്റാക്കു ചെയ്യുന്ന വ്യാപാരികൾ 1963–ലെ ഫുഡ് ഗ്രെയിൻസ് ഡീലേഴ്സ് ലൈസൻസിംഗ് ആർഡർ അനുസരിച്ചു് ലൈസൻസ് എടുക്കേണ്ടതാണു്. കൂടാതെ വ്യാപാരികൾ അവരുടെ കൈവശമുള്ള സ്റ്റോക്കുവിവരം കാണിക്കുന്ന സ്റ്റേറ്റുമെൻറു് മാസത്തിൽ രണ്ടുതവണ അധികാരികൾക്കു് സമർപ്പിക്കേണ്ടതാണു്.

7. അത്യാവശ്യസാധനങ്ങൾ ന്യായവിലയ്ക്കു് വിതരണംചെയ്യുന്നതിനു് സംസ്ഥാനത്തുള്ള എല്ലാ ഡിസ്ട്രിക്ടുകളിലും ഉപഭോക്തൃഫോറംസെയിൽ സഹകരണസംഘങ്ങൾ രൂപീകരിക്കാൻവേണ്ട ഏർപ്പാടുകൾ ചെയ്യുകയും ഇതിനകം ചില ജില്ലകളിൽ അവയുടെ പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ടു്. 1963-64–ലെ ആകെ വിളവെടുപ്പു് 1962–63–ലേതിനെക്കാൾ മെച്ചപ്പെട്ടതായിരിക്കുമെന്നു റിപ്പോർട്ടു് ചെയ്തിട്ടുണ്ട്.

(സി) ഉണ്ടു്. 1963 ഡിസംബർമാസത്തിൽ ഉണ്ടായ അരിവിലക്കയറ്റത്തെത്തുടർന്നു് ന്യായവിലഷാപ്പുകൾവഴി കൂടുതലായി അരി വിതരണം നടത്തുന്നതിനു് 5,000 ടൺ അരി സ്പെഷ്യൽ കോട്ടയായി ലഭിച്ചു.

(ഡി) 1963 ഡിസംബറിൽ ആകെ 17,686 മെടിക്കുടൺ അരിയും 1964 ജനുവരിയിൽ 15,869 മെടിക്കു ടൺ അരിയും ലഭിച്ചു.

## ഹോം നേഴ്സിംഗ് പരിശീലനം കഴിഞ്ഞിട്ടുള്ളവർ.

* 749 [26] ശ്രീ. പി. എസ്സ്. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യത്തിനു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹോം നേഴ്സിംഗ് പരിശീലനം ലഭിച്ചിട്ടുള്ളവർക്കു് നേഴ്സിംഗ് പരിശീലനത്തിനു പുതുതായി പെൺകുട്ടികളെ എടുക്കുമ്പോൾ മുൻഗണന നൽകുന്നതിനു് ദയവായി നടപടിയെടുക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

നേഴ്സിംഗിനു പെൺകുട്ടികളെ തിരഞ്ഞെടുക്കുന്നതു് പി. എസ്. സി. യാണു്. അതിനാൽ ഹോം നേഴ്സിംഗ് പരിശീലനം ലഭിച്ചവർക്കു മുൻഗണന നൽകുന്ന കാര്യം ഉദിക്കുന്നില്ല.

## ലാൻഡു ഡവലപ്പുമെൻറിനു ചെലവാക്കിയ സംഖ്യ.

* 750. [27] ശ്രീ. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാൻഡു് ഡെവലപ്പുമെൻറു പരിപാടിയിൽ പാലക്കാടു ജില്ലയിൽ ഈ വർഷം ചെലവാക്കിയ സംഖ്യ എത്ര ; ഇതു് ആകെ നീക്കിവെച്ചിട്ടുള്ള സംഖ്യയുടെ എത്ര ശതമാനമാണു് ;

(ബി) ഈ ഇനത്തിൽ എടുത്തിട്ടുള്ള സ്കീമുകൾ ഏവ ; അവയുടെ പ്രവൃത്തി പുരോഗമിക്കാതിരിക്കുവാനുള്ള കാരണമെന്തു് ?

LIBRARY ARCHIVES Kerala Legislative Assembly